# കുടുംബശ്രീ വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 51 | 2013 ഒക്ടോബർ | www.kudumbashree.org


## നെടുമ്പാശേരി പഞ്ചായത്ത് ആശ്രയ പദ്ധതി ഇതര പഞ്ചായത്തുകൾക്ക് മാതൃക:മന്ത്രി ഡോ.എം.കെ.മുനീർ



കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ആശ്രയപദ്ധതിക്കു വേണ്ടിയുള്ള ചലഞ്ച് ഫണ്ട് മന്ത്രി ഡോ.എം.കെ.മുനീർ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സൺ എൽസിക്കു കൈമാറുന്നു

എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന ആശ്രയ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ഇതര പഞ്ചായത്തുകൾക്ക് മാതൃകയാണെന്നു പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ. പഞ്ചായത്തിലെ വിവിധ സാമൂഹികക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

എറണാകുളം ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ 30 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ച കമ്മ്യൂണിറ്റി ഹാളിന്റെയും ആശ്രയ അഗതി പുനരധിവാസ പദ്ധതി രണ്ടാംഘട്ടത്തിന്റെയും ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായധന വിതരണം കെ.പി. ധനപാലൻ എം.പി. ഉദ്ഘാടനം ചെയ്തു. അൻവർസാദത്ത് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി.വൈ. വർഗീസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ. ഷാജി, ജില്ലാ പഞ്ചായത്ത് അംഗം ബിൻസി പോൾ, പഞ്ചായത്ത് വൈസ്പ്രസിഡന്റ് ലേഖ ഓമനക്കുട്ടൻ, പഞ്ചായത്ത് അംഗങ്ങളായ ലിസി ജോർജ്, പി.വൈ. എൽദോ, ജിസ് തോമസ്, അനുജി ശാമു, പി.പി. ബൈജു, ജിജോ ആന്റണി, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ടാനി തോമസ്, അകപ്പറമ്പ് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഷിബു പോൾ, എൽസി വർഗീസ്, കെ.ജെ. ഐസക്, മിനി പുരുഷോത്തമൻ, കെ.ടി. കുഞ്ഞുമോൻ, എ.പി. പോളി, പി.വി. ബിജു, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അർജുനൻ പിള്ള, അസി.സെക്രട്ടറി ടി.കെ. സന്തോഷ് എന്നിവർ പ്രസംഗിച്ചു.

## ഗ്രാമീണ മേഖലയിലെ നിർദ്ധനരായ ചെറുപ്പക്കാർക്ക് കുടുംബശ്രീയിലൂടെ തൊഴിലവസരം

ഗ്രാമീണ മേഖലയിലെ നിർദ്ധനരായ ചെറുപ്പക്കാർക്ക് വിദഗ്ധ തൊഴിൽ പരിശീലനത്തിലൂടെ തൊഴിൽലഭ്യത ഉറപ്പു വരുത്തുന്ന 'ആജീവിക സ്കിൽസ്, കേരളത്തിൽ നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കേരളത്തിലെ നോഡൽ ഏജൻസിയായ കുടുംബശ്രീയും കേന്ദ്ര ഗ്രാമവികസന വകുപ്പും സംയുക്തമായി പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കും.

സംസ്ഥാനത്തെ വിദഗ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിലുടമകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതനുസരിച്ച് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കമ്പനികൾ, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, സർക്കാർ-അർദ്ധസർക്കാർ-സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാകും ഈ പദ്ധതിയിൽ ഉൾപ്പെട്ട് കുടുംബശ്രീയുമായി സഹകരിക്കുക.

എല്ലാ വർഷവും തൊഴിൽരഹിതരായ പതിനായിരം പേർക്കെങ്കിലും കുറഞ്ഞ വേതനം ഉറപ്പാക്കി സ്ഥിര വരുമാനം ലഭ്യമാക്കുന്ന തൊഴിൽ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകുന്നതിനും അതിനു ശേഷം പദ്ധതിയിൽ ഉൾപ്പെട്ട പരിശീലന സ്ഥാപനവുമായി ധാരണയിലെത്തിയ വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ അവരെ നിയമിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഗ്രാമപ്രദേശങ്ങളിലെ 18നും 35നും ഇടയിൽ പ്രായമുള്ള നിർദ്ധനരായ ചെറുപ്പക്കാർക്ക് ഈ പദ്ധതിയിൽ ചേരാനാകും. ഇതിനായി നിശ്ചിത വിദ്യാഭ്യാസ യോഗ്യത നിർബന്ധമില്ല. അംഗവൈകല്യമുള്ളവർ, പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെട്ടവർ എന്നിവർക്ക് നിയമാനുസൃത വയസിളവ് ലഭിക്കും.

മൂന്നു മാസം മുതൽ ഒരു വർഷം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടിയിൽ വിദഗ്ധ തൊഴിൽ പരിശീലനത്തിനു പുറമെ ഇംഗ്ളീഷ് ഭാഷാ പരിശീലനം, സോഫ്റ്റ് സ്കിൽ പരിശീലനം എന്നിവയും ഉൾപ്പെടും. വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖല ലക്ഷ്യമാക്കിയുള്ള ഒരു വർഷത്തെ പ്രത്യേക പരിശീലനവും ഇതിന്റെ ഭാഗമാണ്. പത്താം ക്ളാസ് യോഗ്യതയില്ലാത്തവർക്ക് പ്രസ്തുത യോഗ്യത നേടാനുള്ള സംവിധാനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി: രജിസ്ട്രേഷൻ കുടുംബശ്രീ ഉന്നതി ഐ.ടി യൂണിറ്റുകൾ വഴിയും

### രജിസ്ട്രേഷൻ നവംബർ 30 വരെ

ദരിദ്ര കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ കുടുംബശ്രീ അവസരമൊരുക്കുന്നു. ഇതിന്റെ ഭാഗമായി കുടുംബശ്രീയുടെ കീഴിലുള്ള ഐ.ടി യൂണിറ്റുകളുടെ കൂട്ടായ്മയായ "ഉന്നതി ഐ.ടി കൺസോർഷ്യം വഴി എല്ലാ ജില്ലകളിലും രജിസ്ട്രേഷൻ ആരംഭിച്ചു.

രജിസ്റ്റർ ചെയ്യുന്നതിന് റേഷൻ കാർഡിന്റെ കോപ്പി നിർബന്ധമായും ഹാജരാക്കേണ്ടതാണ്. റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് രജിസ്ട്രേഷൻ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷാ ഫോം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറി അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒരു കാർഡിൽ ഒരു രജിസ്ട്രേഷൻ മാത്രമാണ് അനുവദിക്കുക.

സംസ്ഥാന ഗവൺമെന്റ് നിർദേശിച്ചിട്ടുള്ള 60 വിവിധ തൊഴിൽ മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സാ സഹായം നേടുന്നതിനുവേണ്ടിയുള്ള സമഗ്ര പദ്ധതിയാണിത്. ഒരു കുടുംബത്തിലെ പരമാവധി 14 അംഗങ്ങളുടെ പേര് രജിസ്റ്റർ ചെയ്യാമെങ്കിലും അഞ്ചു പേർക്കാണ് പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുക. ഒരു കാർഡിലെ അഞ്ചു പേർക്കും ചേർന്ന് ഒരു വർഷം 30,000 രൂപയ്ക്കുള്ള കാഷ്‌ലെസ് ചികിത്സാ സഹായം ലഭിക്കും. ഇതിന് 30 രൂപ അടച്ചാൽ മതിയാകും. അംഗത്വം നേടുമ്പോൾ ലഭിക്കുന്ന സ്മാർട്ട് കാർഡ് ഉപയോഗിച്ച് പദ്ധതി അംഗങ്ങളായ രാജ്യത്തെ 12000 ആശുപത്രികളിൽ നിന്നും ചികിത്സാ ആനുകൂല്യം നേടാവുന്നതാണ്.

ജനറൽ വാർഡിൽ കിടത്തി ചികിത്സയ്ക്കുള്ള ആനുകൂല്യമാണ് ലഭിക്കുന്നത്. .എന്നാൽ കീമോതെറാപ്പി, ഡയാലിസിസ്, തിമിര ശസ്ത്രക്രിയ എന്നിവയ്ക്കും പദ്ധതി വഴി ആനുകൂല്യം ലഭിക്കും. ചീസ് പ്ളസ് പദ്ധതിയിലൂടെ ഗുരുതരമായ രോഗങ്ങൾക്ക് 70,000 രൂപയുടെ അധിക സഹായവും ലഭിക്കും. ആർ.എസ്.ബി.വൈ കാർഡിലെ അംഗങ്ങളായ കുടുംബനാഥനോ നാഥയോ മരണപ്പെട്ടാൽ രണ്ടു ലക്ഷം രൂപയുടെ അപകടമരണസഹായവും ലഭിക്കും. കുടുംബനാഥനോ നാഥയോ ഒഴികെയുള്ള അംഗങ്ങൾ ഫോട്ടോ എടുക്കുന്ന സമയത്ത് വിട്ടുപോയാൽ പിന്നീട് ജില്ലാ കിയോസ്ക് വഴി കൂട്ടിച്ചേർക്കാനുള്ള സൗകര്യവുമുണ്ട്.



ഉന്നതി ഐ.ടി യൂണിറ്റുകളുടെ ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി നടത്തിയ ആദ്യഘട്ട പരിശീലന പരിപാടിയിൽ ജില്ലാ മിഷൻ അസി. കോ-ഓർഡിനേറ്റർ അസിം ലബ്ബ സംസാരിക്കുന്നു

റേഷൻ കാർഡിൽ മാസ വരുമാനം 600 രൂപയോ അതിൽ താഴെയോ ഉള്ളവർക്കും പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ ആദിവാസി കുടുംബങ്ങളിലെ അംഗങ്ങൾക്ക് രജിസ്റ്റർ ചെയ്യുന്നതിന് വരുമാന പരിധിയില്ല. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് മാത്രം മതിയാകും. 15 തൊഴിലുറപ്പ് ദിനങ്ങളെങ്കിലും പൂർത്തിയാക്കിയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക പരിഗണന ഉണ്ടായിരിക്കും.

എറണാകുളം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ടാനി തോമസിന്റെ നേതൃത്വത്തിൽ പദ്ധതി രജിസ്ട്രേഷൻ സംബന്ധിച്ച് ഉന്നതി ഐ.ടി യൂണിറ്റുകളുടെ ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി ആദ്യഘട്ടപരിശീലനം നടത്തി. ജില്ലാ മിഷൻ അസി.കോ-ഓർഡിനേറ്റർമാരായ അസിം ലബ്ബ, സന്തോഷ്.പി.അഗസ്റ്റിൻ എന്നിവർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ചിയാക് (കോംപ്രിഹൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി) മാനേജർ കപ്പാസിറ്റി ബിൽഡിംഗ് പപ്പു പി.എസ്, എറണാകുളം അസി.ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ അജാസ്.പി.ജെ, എന്നിവർ ക്ളാസുകൾ നയിച്ചു.

യൂണിറ്റ് അംഗങ്ങൾക്കായി നടത്തിയ രണ്ടാം ഘട്ട പരിശീലനം അതത് ജില്ലകളിലെ മിഷൻ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിജയകരമായി പൂർത്തീകരിച്ചു. കുടുംബശ്രീ ഉന്നതി ഐ.ടി കൺസോർഷ്യം ജനറൽ മാനേജർ(ഇൻ ചാർജ്)നിഷാന്ത് ജി.എസ് പരിശീലനങ്ങൾക്ക് മേൽനോട്ടം വഹിച്ചു.

### കുഞ്ഞമ്മചേച്ചി




**ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് കുടുംബശ്രീ ഉന്നതി ഐ ടി യൂണിറ്റുകൾ വഴി അവസരം**

### 'ഭക്ഷ്യസുരക്ഷ, ജീവസുരക്ഷ'

## കാസർകോട് ജില്ലയിൽ ജൈവകൃഷി ക്യാമ്പെയ്ൻ

കാസർകോട് കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി 'ഭക്ഷ്യ സുരക്ഷ, ജീവ സുരക്ഷ' എന്ന പേരിൽ ജൈവകൃഷി ക്യാമ്പെയ്ന് തുടക്കം കുറിക്കുന്നു. വിഷവിമുക്ത ഭക്ഷണവും ഭക്ഷ്യസുരക്ഷയും ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ അംഗങ്ങളെ കാർഷിക മേഖലയിൽ സജീവമാക്കുന്നതിനു വേണ്ടിയാണ് ക്യാമ്പെയ്ൻ നടത്തുന്നത്.

ജില്ലയിൽ ക്യാമ്പെയ്ൻ നടത്തുന്നതിന്റെ ഭാഗമായി 2653 സംഘകൃഷി ഗ്രൂപ്പുകളിൽ നിന്നായി 12953 അംഗങ്ങൾക്ക് ജൈവകൃഷിയിൽ പരിശീലനം നൽകും. നെല്ല്, വാഴ, വിവിധയിനം പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. കൂടാതെ ആട്ഗ്രാമം, ക്ഷീരസാഗരം പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് ജൈവവള യൂണിറ്റും സമ്മിശ്ര കൃഷിരീതികളും രൂപീകരിക്കും. നാടൻ വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് 'സീഡ് ബാങ്ക്' രൂപീകരിക്കും. കൂടാതെ ഇവ സംരക്ഷിക്കുന്ന ജില്ലയിലെ അഞ്ച് സംഘക്കൃഷി ഗ്രൂപ്പുകൾക്ക് 5000 രൂപ ഗ്രാന്റായി നൽകും.

സംഘകൃഷി ഗ്രൂപ്പുകൾക്ക് കാര്യശേഷി വികസനവും സാങ്കേതിക പരിശീലനവും ലഭ്യമാക്കുന്നതിന് മാതൃകാകർഷകരുടെ കൃഷിയിടങ്ങളിൽ വച്ച് പരിശീലനം നൽകും. ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജില്ലയിലെ എല്ലാ സി.ഡി.എസിനു കീഴിലും മഹിളാ കർഷക സഹായകേന്ദ്രങ്ങൾ ആരംഭിച്ചു. സംഘക്കൃഷി ചെയ്യുന്ന ഗ്രൂപ്പുകളിൽ നിന്ന് കൃഷിയിൽ വിദഗ്ധരായ മഹിളാ കർഷകരെ മാസ്റ്റർ ഫാർമേഴ്സായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇവരായിരിക്കും കർഷക സഹായകേന്ദ്രത്തിന്റെ ഭാരവാഹികൾ. സംഘക്കൃഷി കർഷക സഹായകേന്ദ്രത്തിനു 50,000 രൂപ കാർഷിക ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകും. കൂടാതെ സി.ഡി,എസിൽ രജിസ്റ്റർ ചെയ്ത എല്ലാ സംഘക്കൃഷി ഗ്രൂപ്പുകൾക്കും ഒരു ലക്ഷം രൂപ വരെയുള്ള പലിശ രഹിത വായ്പയും ലഭ്യമാക്കും. ക്യാമ്പെയ്ൻ പൂർത്തിയാകുന്നതോടെ ജില്ലയിലെ 33 ലക്ഷത്തോളം വരുന്ന കുടുംബശ്രീ കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

### സർക്കാർ സേവനങ്ങൾ: ആദിവാസികൾക്കായി കുടുംബശ്രീ കൈപുസ്തകം ഇറക്കും

സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്ന് ആദിവാസികൾക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് കൈപുസ്തകമിറക്കുമെന്ന് കുടുംബശ്രീ സംസ്ഥാന മിഷൻ എക്സിക്യുട്ടീവ് ഡയറക്ടർ കെ.ബി.വത്സല കുമാരി അറിയിച്ചു.

വ്യത്യസ്ത വകുപ്പുകളി നിന്ന് വിഭിന്നങ്ങളായ ആനുകൂല്യങ്ങളാണ് ആദിവാസികൾക്ക് ലഭ്യമാകുക. ഇതിനായി ഉദ്യോഗസ്ഥതലത്തിൽ ഏകദിന ശിൽപശാല നടത്തി സേവനങ്ങൾ ക്രോഡീകരിക്കും. മലയാളത്തിലും തമിഴിലും പ്രസിദ്ധീകരിക്കുന്ന പുസ്തകം ഊരുകളിൽ വിതരണം ചെയ്യും.

കുടുംബശ്രീ വാർത്താപത്രിക

# കുടുംബശ്രീ ഓണച്ചന്ത ജില്ലകളിലൂടെ

## കുടുംബശ്രീ ഓണച്ചന്ത : എറണാകുളം ജില്ല ഒന്നാമത്

കുടുംബശ്രീ സംസ്ഥാന വ്യാപകമായി നടത്തിയ ഓണച്ചന്തകളിൽ നിന്നും 8,20,85,453 കോടി രൂപ വിറ്റു വരവ് നേടി എറണാകുളം ജില്ല ഒന്നാമതായി. ജില്ലയിൽ 104 സി.ഡി.എസുകളിലാണ് ഇത്തവണ ഓണച്ചന്ത നടത്തിയത്. 3,44,95,324 കോടി രൂപ നേടി തിരുവനന്തപുരം ജില്ലയാണ് രണ്ടാം സ്ഥാനത്ത്. 82 സി.ഡി.എസുകളിൽ നടത്തിയ ഓണച്ചന്തകളിൽ നിന്നാണ് മികച്ച വിറ്റുവരവ് നേടി ജില്ല മുന്നേറിയത്. മൂന്നാം സ്ഥാനം ആലപ്പുഴ ജില്ലയ്ക്കാണ്. 76 സി.ഡി.എസുകളിൽ നടത്തിയ ഓണച്ചന്തകളിൽ നിന്നായി 3,27,98,332 കോടി രൂപയാണ് ജില്ലയിലെ കുടുംബശ്രീ സംരംഭകർ നേടിയെടുത്തത്.

പത്തനംതിട്ട

കുടുംബശ്രീ ജില്ലാതല വിപണ



നമേളയും നഗരസഭയുടെ നേതൃത്വത്തിലുള്ള വിപണന മേളയും പത്തനംതിട്ട നഗരസഭ ചെയർമാൻ എ. സുരേഷ്കുമാർ ഉദ്ഘാടനം ചെയ്തു. കൗൺസിലർ ടി. സക്കീർ ഹുസൈൻ അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ സാബിർ ഹുസൈൻ, അസി. കോ-ഓർഡിനേറ്റർ എൽ. ഷീല എന്നിവർ പ്രസംഗിച്ചു.

നഗരസഭയുടെ നേതൃത്വത്തിൽ നടന്ന വിപണനമേളയുടെ ഉദ്ഘാടനചടങ്ങിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കുഞ്ഞൂഞ്ഞമ്മ വർഗീസ് അദ്ധ്യക്ഷത വഹിച്ചു.. ഓമല്ലൂർ പഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസിന്റെയും നേതൃത്വത്തിൽ മാർക്കറ്റിൽ ആരംഭിച്ച ഓണം വിപണന മേളയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് പി.ആർ. കുട്ടപ്പൻ നായർ നിർവഹിച്ചു. വൈസ്പ്രസിഡന്റ് വി. പൊന്നമ്മ അദ്ധ്യക്ഷയായി.

വയനാട്

വയനാട്ടിൽ കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി സംഘടിപ്പിച്ച ഓണച്ചന്തകൾ പൊതുജനപങ്കാളിത്തവും സംരഭകരുടെ എണ്ണവും ഉൽപന്നങ്ങളുടെ വൈവിധ്യവും കൊണ്ട് ശ്രദ്ധേയമായി. ജില്ലയിൽ ആകെ 26 ഓണച്ചന്തകളാണ് നടത്തിയത്.

ഓണച്ചന്തയോടനുബന്ധിച്ച് സി.ഡി.എസ്തലത്തിൽ ഘോഷയാത്ര, പൂക്കള മത്സരം, പായസമേള, ഗ്രാമീണ കായിക-ഭക്ഷ്യമേള എന്നിവയും സംഘടിപ്പിച്ചു. കൂടാതെ ബാലസഭാംഗങ്ങളുടെ നേതൃത്വത്തിൽ കുട്ടികളുടെ സംഗമവും വിവിധ കലാകായിക മത്സരങ്ങളും നടത്തി.

കാസർകോട്

കാസർകോട് ജില്ലയിൽ നീലേശ്വരത്ത് സംഘടിപ്പിച്ച കുടുംബശ്രീ ഓണച്ചന്ത നിറപ്പ



കിട്ടാർന്ന ആഘോഷമായി. ഓണച്ചന്തയോടനുബന്ധിച്ച് നഗരസഭയിലെ 32 വാർഡിനെ പ്രതിനിധീകരിച്ച് 32 മുത്തുക്കുടകളുടെയും ശിങ്കാരി മേളത്തിന്റെയും അകമ്പടിയോടെ രണ്ടായിരത്തിലധികം കുടുംബശ്രീ അംഗങ്ങളെ കേരളീയ വേഷത്തിൽ അണിനിരത്തി സംഘടിപ്പിച്ച വിളംബര ഘോഷയാത്ര കാണികൾക്ക് വ്യത്യസ്തത നിറഞ്ഞ അനുഭവമായി. നഗരസഭയിലെ മുഴുവൻ ഭരണസമിതി അംഗങ്ങളേയും പങ്കെടുപ്പിക്കാൻ കഴിഞ്ഞതും ഘോഷയാത്രയുടെ വിജയമായി.

കെ. കുഞ്ഞിരാമൻ എം.എൽ.എ ഓണച്ചന്ത ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർപേഴ്സൺ വി. ഗൗരി അദ്ധ്യക്ഷത വഹിച്ചു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അബ്ദുൾ മജീദ് സി.എ ആദ്യ വിൽപന നിർവഹിച്ചു. ഭക്ഷ്യമേളയുടെ ഉദ്ഘാടനം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.വി. അമ്പൂട്ടി മാസ്റ്ററും കലാപരിപാടികളുടെ ഉദ്ഘാടനം നഗരസഭാ വൈസ്ചെയർപേഴ്സൺ ടി.വി. ശാന്തയും നിർവഹിച്ചു.

ഓണച്ചന്തയോടനുബന്ധിച്ച് നടത്തിയ ഭക്ഷ്യമേളയിൽ പായസംമേളയുടെ ഉദ്ഘാടനം കൗൺസിലർ സുജാത ഇ.വിയും ആശ്രയ കുടുംബങ്ങൾക്കുള്ള വസ്ത്രവിതരണോദ്ഘാടനം ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ. ജാനുവും നിർവഹിച്ചു.

പാലക്കാട്

പാലക്കാട് ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ സംഘടിപ്പിച്ച ഓണച്ചന്തകളിൽ ഏറ്റവും കൂടുതൽ വിറ്റുവരവ് നേടി മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് ഒന്നാമതായി. ജില്ലയിലെമ്പാടും നടത്തിയ കുടുംബശ്രീ ഓണച്ചന്തകളിലൂടെ 2.33 കോടി രൂപയുടെ വിറ്റുവരവാണ് ലഭിച്ചത്. മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിലെ ഓണച്ചന്തയിൽ നിന്നു മാത്രം 40,56,000 രൂപ ലഭിച്ചു. മണ്ണാർക്കാട്ട് പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകൾക്കു പുറമേ സമീപ പഞ്ചായത്തുകളിലെ അമ്പതോളം കുടുംബശ്രീ യൂണിറ്റുകളും ഓണച്ചന്തയിൽ പങ്കെടുത്തു. പച്ചക്കറിചന്ത എട്ട് ദിവസവും മറ്റ് ഓണച്ചന്തകൾ 12 ദിവസവുമാണ് പ്രവർത്തിച്ചത്.

തിരുവനന്തപുരം

ഓണാഘോഷങ്ങൾക്ക് പകിട്ടേകാൻ ഗൃഹാതുരത്വം വിളിച്ചോതുന്ന കുടുംബശ്രീ ഉല്പന്നങ്ങൾ എന്ന സന്ദേശവുമായി കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടത്തിയ



ഓണച്ചന്തകൾ വിജയകരമായി. 83 സി.ഡി.എസുകളിൽ നിന്നും 5500 സംരംഭകരാണ് കുടുംബശ്രീ ഓണച്ചന്തയിൽ പങ്കെടുത്തത്. നഗരസഭാ മേയർ അഡ്വ.കെ. ചന്ദ്രിക കുടുംബശ്രീ ഓണച്ചന്തകളുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു. 5 ദിവസത്തെ ഓണചന്തയിലൂടെ 3,41,00,241 രൂപയാണ് ജില്ലയിലെ ഓണച്ചന്തകൾ നേടിയെടുത്തത്. നഗരസഭാതലത്തിൽ നടത്തിയ ഓണച്ചന്തകളിൽ 12,00,718 രൂപ വിറ്റുവരവ് നേടി ആറ്റിങ്ങൽ നഗരസഭ ഒന്നാമതെത്തി.

പഞ്ചായത്തുകളിൽ മലയിൻകീഴ് സി.ഡി.എസിനാണ് ഒന്നാം സ്ഥാനം. 15,84,200 രൂപയാണ് വിപണിയിൽ നിന്നും നേടിയത്. കാർഷിക ഉൽപന്നങ്ങളും പട്ടികവർഗ മേഖലകളിൽ നിന്നുള്ള തനതു കരകൗശല ഉൽപന്നങ്ങൾ കുടുംബശ്രീ വനിതകളുടെ തയ്യൽ യൂണിറ്റുകളിൽ നിന്നുള്ള വസ്ത്രങ്ങൾ, കാറ്ററിംഗ് യൂണിറ്റുകളുടെ ഫുഡ്കോർട്ടുകൾ എന്നിവ മേളക്ക് പകിട്ടേകി.

ഓണച്ചന്തയോടനുബന്ധിച്ച് എല്ലാ സി.ഡി.എസുകളിലും കലാസാംസ്കാരിക പരിപാടികൾ, കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിലുള്ള ഓണസദ്യ, കായിക മത്സരങ്ങൾ, കലാപരിപാടികൾ, സാംസ്കാരിക ഘോഷയാത്ര, ബാലസഭ കുട്ടികളുടെ ഓണപ്പറവകൾ എന്നിവയും സംഘടിപ്പിച്ചു.

# ഇന്ന് ഞാൻ...



## പ്രത്യാശയുടെ സൂര്യശോഭ

പത്തനംതിട്ട ജില്ലയിലെ ചേന്നംപാറയിലാണ് ഞാൻ ജനിച്ചത്. അച്ഛനും അമ്മയും നാലു സഹോദരൻമാരും അടങ്ങിയതായിരുന്നു എന്റെ കുടുംബം. ടാപ്പിംഗ് തൊഴിലാളിയായിരുന്നു അച്ഛൻ. അമ്മയ്ക്ക് ജോലിയൊന്നും ഉണ്ടായിരുന്നില്ല. നിർദ്ധന കുടുംബമായിരുന്നു എന്റേത്. വീട്ടിലെ കഷ്ടപ്പാടുകൾ കാരണം പത്താം ക്ലാസ് വരെ മാത്രമേ പഠിക്കാൻ കഴിഞ്ഞുള്ളൂ. പിന്നീട് ഒരു ഉപജീവന മാർഗമെന്ന നിലയിൽ തയ്യൽ പഠിച്ചു.

യാദൃശ്ചികമായിട്ടായിരുന്നു അച്ഛന്റെ മരണം. അതിനു ശേഷം ആറു മാസം കഴിയും മുമ്പേ എന്റെ വിവാഹം കഴിഞ്ഞു. പക്ഷേ വിവാഹം കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിൽ ചെന്നു കഴിഞ്ഞപ്പോഴാണ് അയാൾ ഒരു മാനസികരോഗിയാണെന്നും അക്കാര്യം മറച്ചു വച്ചുകൊണ്ടാണ് എന്നെ വിവാഹം കഴിച്ചതെന്നുമുള്ള കാര്യം ഞാനറിയുന്നത്. പക്ഷേ എന്റെ വീട്ടിലെ കഷ്ടപ്പാടുകളോർത്ത് എല്ലാം സഹിച്ചുകൊണ്ട് അയാൾക്കൊപ്പം കഴിയാൻ ഞാൻ തയ്യാറായി.

ഏഴു വർഷം ഞാൻ ഭർത്താവുമൊത്ത് ജീവിച്ചു. മൂന്നു മക്കളും ജനിച്ചു. എന്നാൽ ഭർത്താവിന്റെ വീട്ടിലെ ജീവിതം തികച്ചും ദു:സഹമായിരുന്നു. കാരണം മക്കളെ മാത്രമല്ല, ഭർത്താവിനേയും അയാളുടെ അമ്മയേയും സംരക്ഷിക്കേണ്ട ബാധ്യത എനിക്കായി. തയ്യൽജോലിയിൽ നിന്നു കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടു മാത്രം ഇത്രയും പേരെ സംരക്ഷിക്കാൻ എനിക്കു കഴിയുമായിരുന്നില്ല. ഈ കഷ്ടപ്പാടുകൾക്കിടയിൽ എനിക്കും മക്കൾക്കും ക്രൂര പീഡനം കൂടി സഹിക്കേണ്ടി വന്നു. ഒടുവിൽ എന്നെ കൊല്ലാൻ തുടങ്ങിയപ്പോൾ ബന്ധം വേർപെടുത്തി ജീവിക്കാൻ ഞാൻ തീരുമാനിച്ചു. പിന്നീട് എന്റെ മക്കൾക്കു വേണ്ടിയുള്ള ജീവിതമായിരുന്നു. മാതാപിതാക്കളുടെ ഏകമകളായ എന്റെ ദുരിതജീവിതം കണ്ട് മനം നൊന്ത് എന്റെ അമ്മ മരിച്ചു. പത്തു വർഷം കഴിഞ്ഞപ്പോൾ ഭർത്താവും.

തയ്യലിൽ നിന്നു കിട്ടുന്ന വരുമാനം കൊണ്ടു മാത്രം മക്കളെ പഠിപ്പിക്കാനും ആഹാരം കൊടുക്കാനും കഴിയാതെ വന്നപ്പോൾ എന്റെ മകളെ



ലളിതാഭായി

ഏഴാം ക്ലാസ് വരെ മഠത്തിൽ നിർത്തിയാണ് പഠിപ്പിച്ചത്. ആൺമക്കളെ ടി.ടി.സി വരെയും. ജീവിക്കാൻ ഒരു നിവൃത്തിയുമില്ല. അതുവരെ പുറത്തിറങ്ങാതിരുന്ന ഞാൻ കൂലിപ്പണിക്കു പോകാൻ തുടങ്ങി.

ഈ അവസരത്തിലാണ് ഞാൻ കുടുംബശ്രീ അയൽക്കൂട്ടത്തെ കുറിച്ചറിഞ്ഞത്. ഞാൻ തന്നെ മുൻകൈയടുത്ത് കുറച്ച് സ്ത്രീകളെ കൂട്ടി അയൽക്കൂട്ടം രൂപീകരിച്ചു. എന്റെ വീട്ടിലെ അവസ്ഥ അറിയാവുന്നതു കൊണ്ട് അയൽക്കൂട്ടത്തിന്റെ ആവശ്യങ്ങൾക്കായി പുറത്തു പോകേണ്ടി വരുമ്പോഴൊക്കെ മറ്റ് അംഗങ്ങൾ എന്നെ അതിൽ നിന്നും ഒഴിവാക്കി തന്നു. അയൽക്കൂട്ടം രൂപീകരിച്ച വർഷം തന്നെ കൂലിപ്പണിക്കാരായ ഞങ്ങൾ രണ്ട് ഏക്കർ നിലം പാട്ടത്തിനെടുത്ത് നെൽക്കൃഷി ചെയ്തു. കൂടെ വാഴയും. കഷ്ടപ്പാട് വെറുതേയായില്ല. നെൽക്കൃഷി വിജയമായി. അത് വീണ്ടും കൃഷി ചെയ്യാൻ ആത്മവിശ്വാസം നൽകി.

എന്റെ മകളുടെ കല്യാണം ഉറപ്പിച്ചു കഴിഞ്ഞ് ഞാൻ പണത്തിനായി നെട്ടോട്ടമോടുന്നതു കണ്ട് സ്വർണം വാങ്ങുന്നതിനായി എന്റെ അയൽക്കൂട്ടത്തിലെ അംഗങ്ങൾ 50,000 രൂപ വായ്പയായി തന്ന് സഹായിച്ചു. കല്യാണത്തലേന്ന് വരെ ലോൺ ആവശ്യങ്ങൾക്കായി ബാങ്കിൽ പോകേണ്ടി വന്ന സമയത്തും എന്റെ അയൽക്കൂട്ട സഹോദരിമാരാണ് വീട്ടിലേയ്ക്കാവശ്യമായ ഭക്ഷണം തയ്യാർ ചെയ്തതുൾപ്പെടെ എല്ലാ കാര്യങ്ങളും നിർവഹിച്ചത്. തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചപ്പോൾ തന്നെ ഞാനും അതിൽ അംഗമായി. പിന്നീട് എ.ഡി.എസ് വൊളണ്ടിയറും. കഴിഞ്ഞ മൂന്നു വർഷമായി സി.ഡി.എസ് അംഗമായും ഇപ്പോൾ വൈസ് ചെയർപേഴ്സണായും പ്രവർത്തിക്കുന്നു. നെൽക്കൃഷി നടത്തുന്നതുകൊണ്ട് ആഹാരത്തിനു ബുദ്ധിമുട്ടില്ല. അത്യാവശ്യഘട്ടങ്ങളിൽ കുടുംബശ്രീയിൽ നിന്നു വായ്പ ലഭിക്കുന്നതു കൊണ്ട് പല കാര്യങ്ങളും തടസം കൂടാതെ കഴിയുന്നു. ചുരുക്കത്തിൽ പട്ടിണിയിൽ നിന്നു കരകയറാൻ സാധിച്ചത് അയൽക്കൂട്ട പ്രവർത്തനത്തിലൂടെയും സംഘക്കൃഷിയിലൂടെയുമാണ്.

കുടുംബശ്രീയിൽ വന്നതുകൊണ്ട് പിന്നെയുമുണ്ടായി ഏറെ ഗുണങ്ങൾ. പ്രതികരിക്കാനുള്ള ശേഷി കിട്ടിയതാണ് വളരെ പ്രധാനപ്പെട്ട ഒന്ന്. പഞ്ചായത്തിലെ ചില വീടുകൾ കേന്ദ്രീകരിച്ച് മദ്യ വിൽപന ഉണ്ടെന്നു മനസിലാക്കി എന്റെ വാർഡിലെ നൂറോളം സ്ത്രീകളെയും കുട്ടികളെയും സംഘടിപ്പിച്ച് അതിനെതിരേ പ്രതിഷേധിക്കാൻ കഴിഞ്ഞത് ഒരു വലിയ നേട്ടമായി ഞാൻ കാണുന്നു. ഇതിലൂടെ അനധികൃതമായ മദ്യവിൽപന തടയാനും സ്ത്രീകളെ രക്ഷിക്കാനും കഴിഞ്ഞു. കുടുംബശ്രീയിലൂടെ ലഭിച്ച ഈ കൂട്ടായ്മയുടെ ശക്തി എന്നും എന്നോടൊപ്പമുണ്ടാകണേ എന്നാണ് എന്റെ പ്രാർത്ഥന.

***പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡിൽ ശോഭ കുടുംബശ്രീ സെക്രട്ടറിയും വൈസ് ചെയർപേഴ്സണുമായ ലളിതാഭായുടെ വിജയാനുഭവ കഥയിൽ നിന്ന്***

## സംഘകൃഷി സംരംഭകർക്ക് പരിശീലനം

ആലപ്പുഴ ജില്ലയിൽ കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ദേവികുളങ്ങര പഞ്ചായത്തിൽ സംഘകൃഷി സംരംഭകർക്ക് കാർഷിക സാങ്കേതിക പരിശീലനം സംഘടിപ്പിച്ചു.

സി.ഡി.എസിന്റെ കീഴിലുള്ള 125 സംഘകൃഷി ഗ്രൂപ്പുകളിലെ 625 അയൽക്കൂട്ടം വനിതകൾക്ക് 10 ദിവസത്തെ പരിശീലനം നൽകി.

പഞ്ചായത്ത് പ്രസിഡന്റ് വി. ബിജി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴ്സൺ ഷീല സുഗതൻ അദ്ധ്യക്ഷത വഹിച്ചു. വൈസ്പ്രസിഡന്റ് വി.വി. പ്രമീള, ഡി. ശ്രീധരൻ, എസ്. ബിന്ദിഷ്, അനിത സുധാകരൻ, അനീഷ്, കെ.ആർ. സിന്ധു എന്നിവർ പ്രസംഗിച്ചു. ടി.കെ. വിജയൻ, ടി. മുഹമ്മദ് ഹനീഫ, വി. ഈശ്വരൻ നമ്പൂതിരി, ലീല ഗോകുൽ, വി. ശ്രീജ, ടി. സിന്ധു എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## കുടുംബശ്രീ ജെൻഡർ കോർണർ: പ്രവർത്തനം ആരംഭിച്ചു

തിരുവനന്തപുരം ജില്ലയിൽ കരവാരം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസിന്റെ കീഴിൽ ജെൻഡർ കോർണർ പ്രവർത്തനം ആരംഭിച്ചു. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുകയും അവർക്ക് ശരിയായ ദിശയിൽ ബോധവൽകരണം ലഭ്യമാക്കുകയുമാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി സി.ഡി.എസ് ഓഫീസിൽ പരാതിപ്പെട്ടി സ്ഥാപിച്ചു.

## കുടുംബശ്രീ ഓണച്ചന്തകൾ : വിറ്റുവരവ് ജില്ലാതലത്തിൽ

| ജില്ല | സി.ഡി.എസുകളുടെ എണ്ണം | സി.ഡി.എസ്തല വിൽപന | ജില്ലാതല വിൽപന | ആകെ |
|---|---|---|---|---|
| എറണാകുളം | 104 | 78872953 | 3212500 | 82085453 |
| തിരുവനന്തപുരം | 82 | 32972704 | 1522620 | 34495324 |
| ആലപ്പുഴ | 76 | 31824852 | 973480 | 32798332 |
| തൃശൂർ | 99 | 27399528 | 304363 | 27703891 |
| പാലക്കാട് | 85 | 22587777 | 1103490 | 23691267 |
| മലപ്പുറം | 99 | 18051830 | 1743224 | 19795054 |
| കോട്ടയം | 75 | 19036880 | 285832 | 19322712 |
| കോഴിക്കോട് | 77 | 18512111 | 489172 | 19001283 |
| കൊല്ലം | 73 | 16229992 | 1164500 | 17394492 |
| കണ്ണൂർ | 86 | 12383508 | 1127477 | 13510985 |
| പത്തനംതിട്ട | 57 | 9926510 | 522320 | 10448830 |
| കാസർകോട് | 41 | 4954690 | 370735 | 5325425 |
| വയനാട് | 26 | 4628490 | 510000 | 5138490 |
| ഇടുക്കി | 54 | 4206610 | 226278 | 4432888 |
| ആകെ | 1034 | 301588435 | 13555991 | 315144426 |

# സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ പഠിക്കാൻ ഒഡീഷാ പഞ്ചായത്ത് പാർലിമെന്ററികാര്യ മന്ത്രിയും സംഘവും



ഒഡീഷ പഞ്ചായത്ത് പാർലമെന്ററികാര്യ മന്ത്രിയും സംഘവും സംസ്ഥാന ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബിനൊപ്പം എടയ്ക്കാട്ടുവയലിൽ കൂടിക്കാഴ്ച നടത്തുന്നു

സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ഉറപ്പു വരുത്തുന്നതിൽ വിപ്ലവകരമായ മാറ്റം വരുത്തിയ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ നേരിട്ട് കാണുന്നതിനും, ഗ്രാമപഞ്ചായത്തും കുടുംബശ്രീയും തമ്മിലുള്ള സഹകരണാത്മകമായ പ്രവർത്തനം മനസിലാക്കുന്നതിനും കേരളത്തിലെത്തിയ ഒഡീഷ സംസ്ഥാനത്തെ പഞ്ചായത്ത് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി കൽപ്പതരുദാസ്, കുടുംബശ്രീ അംഗങ്ങളുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾ കണ്ട് അത്ഭുതപ്പെട്ടു.

സംസ്ഥാനത്തെയും ജില്ലയിലെയും മികച്ച കുടുംബശ്രീ സി.ഡി.എസായി തിരഞ്ഞെടുക്കപ്പെട്ട എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലാണ് മന്ത്രിയും ഉന്നതതല ഉദ്യോഗസ്ഥരുമടങ്ങിയ സംഘം സന്ദർശനം നടത്തിയത്. എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെത്തിയ മന്ത്രിയേയും സംഘത്തെയും പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ ജയകുമാർ സ്വീകരിച്ചു. വാർഡ് മെമ്പർമാരും കുടുംബശ്രീ ഭാരവാഹികളും പങ്കെടുത്ത യോഗത്തിൽ പഞ്ചായത്തും കുടുംബശ്രീയും ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് മന്ത്രി വിശദമായി ചോദിച്ച് മനസിലാക്കി. കുടുംബശ്രീ മൈക്രോ സംരംഭങ്ങളായ അമൃതം ഫുഡ് യൂണിറ്റ്, നാപ്കിൻ യൂണിറ്റ്, കറി പൗഡർ യൂണിറ്റ്, സംഘകൃഷി യൂണിറ്റുകൾ, ആശ്രയ ഗുണഭോക്താക്കളുടെ വീടുകൾ എന്നിവ മന്ത്രിയും സംഘാംഗങ്ങളും സന്ദർശിച്ചു. കുടുംബശ്രീ വനിതകളുടെ പൂർണ ചുമതലയിൽ നടത്തുന്ന കുടുംബശ്രീ ട്രാവൽസ് നേരിൽ കണ്ട മന്ത്രി ഉന്നതതല സംഘത്തോടൊപ്പം അതിൽ യാത്ര ചെയ്യുകയും ചെയ്തു.

പിറവം നിയോജകമണ്ഡലം എം.എൽ.എയും ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയുമായ അനൂപ് ജേക്കബുമായി മന്ത്രി കൂടിക്കാഴ്ച നടത്തി. എടയ്ക്കാട്ടുവയൽ പഞ്ചായത്തിലെ മികച്ച അയൽക്കൂട്ട ഗ്രൂപ്പായി തെരഞ്ഞെടുത്ത ജ്യോതിസ് കുടുംബശ്രീയുടെ അയൽക്കൂട്ട യോഗത്തിലും ജ്യോതിസ് ബാലസഭയുടെ യോഗത്തിലും മന്ത്രി പങ്കെടുത്തു. ബാലസഭ കുട്ടികളുടെ വിനോദ പരിപാടികൾ മന്ത്രി ആസ്വദിച്ചു. കുടുംബശ്രീയെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ടാനി തോമസ് വിശദീകരിച്ചു.

കേരളത്തിലെ കുടുംബശ്രീ പ്രവർത്തനം മാതൃകാപരമാണെന്നും തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും യോജിച്ചുനടത്തുന്ന പ്രവർത്തനം മറ്റ് സംസ്ഥാനങ്ങൾക്ക് അനുകരണീയമാണെന്നും ഒഡീഷയിൽ ഈ മാതൃക നടപ്പാക്കുകയാണ് തന്റെ ലക്ഷ്യമെന്നും മന്ത്രി അറിയിച്ചു. ഒഡീഷ റൂറൽ ഡെവലപ്മെന്റ് ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ബി. എൻ.ദാസ്, പ്രോജക്ട് മാനേജർ ബീർ ബജറാൻ പട്നായിക്, പ്രൈവറ്റ് സെക്രട്ടറി രബീന്ദ്രകുമാർ സേഥി, കുടുംബശ്രീ അസി. ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാരായ സിൻസി മോൾ ആന്റണി കെ, അസിം ലബ്ബ പി.ഐ എന്നിവർ മന്ത്രിയെ അനുഗമിച്ചു.

# സ്റ്റാമിന പദ്ധതി: ജില്ലാതല ഉദ്ഘാടനം



കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി കണ്ണൂർ ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് കുടുംബശ്രീ ബാലസഭാംഗങ്ങൾക്കായി നടത്തുന്ന സമഗ്ര കായികപദ്ധതി 'സ്റ്റാമിന' യുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രഫ. കെ.എ.സരള നിർവഹിച്ചു. കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ടി.സുലജ അദ്ധ്യക്ഷത വഹിച്ചു.

കുട്ടികളിലെ അമിത വണ്ണം, ഉൻമേഷക്കുറവ്, വിഷാദരോഗം എന്നിവ പരിഹരിച്ചും കായികക്ഷമത നിലനിർത്തിയും ആരോഗ്യപൂർണമായ ഒരു പുതുതലമുറയെ വാർത്തെടുക്കുകയാണ് സ്റ്റാമിന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. കുട്ടികളിൽ കായികക്ഷമത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അത് വീണ്ടെടുക്കുന്നതിനു വേണ്ടിയാണ് പരിശീലനം നൽകുക. വോളിബോളിലും ഫുട്ബോളിലും ശാസ്ത്രീയമായ പരിശീലനം നേടിയ കായികാദ്ധ്യാപകരാണ് സ്റ്റാമിന പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നത്. മികച്ച കായികക്ഷമത കൈവരിക്കുന്നതിനൊപ്പം കുട്ടികളിൽ ആത്മവിശ്വാസം വളർത്താനും ഉപകരിക്കുന്ന വിധത്തിലാണ് പരിശീലന പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്.

കുടുംബശ്രീ അസി.കോ-ഓർഡിനേറ്റർ ഷാഹുൽ ഹമീദ് പദ്ധതി വിശദീകരിച്ചു. പരിശീലനാർത്ഥികൾക്കുള്ള സ്പോർട്സ് കിറ്റ് വിതരണം കടന്നപ്പള്ളി-പാണപ്പുഴ മുൻ പഞ്ചായത്ത് പ്രസിഡന്റ് പി.പി.ദാമോദരൻ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ എം.വി.രാജീവൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മല്ലപ്പള്ളി നാരായണൻ എന്നിവർ ആശംസാ പ്രസംഗം നടത്തി. പഞ്ചായത്ത് സി.ഡി.എസ് മെമ്പർ സെക്രട്ടറി ജോൺ ജോസഫ് നന്ദി പറഞ്ഞു.

# കുടുംബശ്രീ വായ്പകൾക്ക് സഹകരണ ബാങ്കുകളിൽ ഗ്രീൻചാനൽ ഏർപ്പെടുത്തും

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ കുടുംബശ്രീ വായ്പകൾക്കായി ഗ്രീൻചാനൽ സിസ്റ്റം ഏർപ്പെടുത്താൻ തീരുമാനിച്ചു. നിയോജക മണ്ഡലത്തിലെ കുടുംബശ്രീ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊയിലാണ്ടിയിൽ ചേർന്ന സഹകരണ ബാങ്ക് ഭാരവാഹികളുടെ യോഗത്തിന്റേതാണ് തീരുമാനം. ഇതു പ്രകാരം ആയിരം അയൽക്കൂട്ടങ്ങൾക്കാണ് ആദ്യഘട്ടത്തിൽ വായ്പ ലഭിക്കുക. ബാങ്ക് പലിശനിരക്ക് ഏഴുശതമാനമായി കുറയ്ക്കാനുള്ള സബ്സിഡി കുടുംബശ്രീ ജില്ലാമിഷൻ അനുവദിക്കും. നെല്ല്, പച്ചക്കറി എന്നിവ കൃഷിചെയ്യുന്ന സംഘകൃഷി ഗ്രൂപ്പുകൾക്ക് പ്രത്യേക പരിഗണന നൽകും. വായ്പാ ക്യാമ്പെയ്ൻ പുരോഗതി വിലയിരുത്തിയ ശേഷം സി.ഡി.എസുകൾക്ക് നബാർഡ് ധനസഹായം നൽകാനും ധാരണയായി

യോഗം കെ. ദാസൻ എം. എൽഎ ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർപേഴ്സൺ കെ. ശാന്ത അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കെ.കെ. മുഹമ്മദ് ഫൈസൽ, അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എൻ.കെ. ഹരീഷ്, സഹകരണ വകുപ്പ് അസി.രജിസ്ട്രാർ കെ. അനിൽകുമാർ, എം.കെ.എസ്.പി കൺസൾട്ടന്റ് അബ്ദുൾ നിസാർ എന്നിവർ പങ്കെടുത്തു.

# വസ്ത്ര വിപണന രംഗത്ത് വിജയം നെയ്ത് നിള ഗാർമെന്റ്സ് യൂണിറ്റ്



നിള ഗാർമെന്റ്സ് യൂണിറ്റിലെ കുടുംബശ്രീ പ്രവർത്തകർ

വസ്ത്ര നിർമാണ മേഖലയിൽ തിളക്കമാർന്ന വിജയം നേടി കുടുംബശ്രീ പെൺകൂട്ടായ്മ. മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിൽ എസ്.ജെ.എസ്.ആർ.വൈ പദ്ധതി പ്രകാരം ആരംഭിച്ച നിളാ ഗാർമെന്റ്സ് യൂണിറ്റാണ് ഇന്ന് വസ്ത്ര വിപണി രംഗത്ത് വിജയം ശ്രദ്ധേയമായ നേട്ടം കരസ്ഥമാക്കിയിട്ടുള്ളത്. കുടുംബശ്രീയിലൂടെ നേടിയെടുത്ത വിജയത്തിന്റെ ഭാഗമാവുകയാണ് നിളയിലെ ഓരോ അംഗവും.

വസ്ത്ര നിർമ്മാണത്തിലൂടെ സ്വന്തമായി വരുമാനം ഉണ്ടാക്കുന്ന 22 വനിതകളുടെ കൂട്ടായ്മയാണ് നിള ഗാർമെന്റ്സ് യൂണിറ്റ്. പൊന്നാനി നഗരസഭയിൽ പ്രവർത്തനം ആരംഭിച്ച് ഒരുവർഷം പൂർത്തിയാക്കുന്നതിന് മുമ്പേ ഓരോ അംഗത്തിനും മാന്യമായ വേതനം കിട്ടിത്തുടങ്ങിയത് ആത്മവിശ്വാസത്തോടെ മുന്നേറാനുള്ള ധൈര്യം നൽകി. ചുരിദാർ, നൈറ്റി, ഷർട്ട് തുടങ്ങി വൈവിദ്ധ്യമാർന്ന വസ്ത്രങ്ങൾ നിർമിക്കുന്നതിലും വിപുലമായ വിപണി കണ്ടെത്തുന്നതിലുമാണ് നിള വിജയം നേടിയത്.

സുഹൃത്തുക്കൾക്കൊപ്പം ജോലി ചെയ്യുന്നതിന്റെ സന്തോഷവും സ്വന്തം സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിന്റെ ആത്മാഭിമാനവുമാണ് ഇന്ന് ഈ വനിതകളെ മുന്നോട്ടു നയിക്കുന്നത്. തുണിക്കടയിൽ എത്തുന്നവർക്ക് മാത്രം വസ്ത്രം വിറ്റാൽ മികച്ച ലാഭം കിട്ടില്ല എന്ന് മനസ്സിലാക്കിയ ഇവർ മറ്റു കടകളിൽ നിന്നുള്ള ഓർഡറുകൾ കൂടി സ്വീകരിച്ചു കൊണ്ടാണ് വസ്ത്ര വിപണിരംഗത്ത് തങ്ങളുടെ സ്ഥാനം ഉറപ്പിച്ചിട്ടുള്ളത്. ഇന്ന് മലപ്പുറം, തൃശൂർ ജില്ലകളിലെ നിരവധി സ്ഥാപനങ്ങൾക്ക് നിള ഗാർമെന്റ്സ് യൂണിറ്റ് വസ്ത്ര വിതരണം നടത്തുന്നു. കുടുംബശ്രീ ജില്ലാമിഷൻ നടത്തുന്ന വിപണനമേളകൾക്ക് പുറമെ പൊന്നാനി എ.വി. ഹൈസ്കൂളിൽ മാസത്തിലെ അവസാന ഞായറാഴ്ച നടക്കുന്ന ചന്തകളിലും നിള ഗാർമെന്റ്സ് യൂണിറ്റ് വസ്ത്രം വിപണനം നടത്തുന്നു.

വിജയകരമായി നടത്തുന്ന അപ്പാരൽ യൂണിറ്റിന്റെ മാതൃക മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കാനുള്ള പ്രോത്സാഹനം അധികൃതർക്ക് നൽകിയിട്ടുണ്ട്. കോട്ടക്കൽ, തിരൂർ, മഞ്ചേരി നഗരസഭകളുടെ സഹകരണത്തോടെ പ്രത്യേക ഉപജീവന പദ്ധതിയിൽ (എസ്.എൽ.പി) നിള ഗാർമെന്റ്സ് യൂണിറ്റിന്റെ മാതൃക ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ കുടുംബശ്രീ ജില്ലാമിഷൻ. നിളയുടെ വിജയകരമായ പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് സുധയും സെക്രട്ടറി നാദിർഷയുമാണ് നേതൃത്വം നൽകുന്നത്.



# ശിശുസംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം

തൃശൂർ ജില്ലയിൽ വള്ളത്തോൾനഗർ പഞ്ചായത്തിൽ വാർഡുതലത്തിൽ ശിശുസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങി. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ ജാഗ്രത പാലിക്കാൻ സമൂഹത്തെ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കുടുംബശ്രീ-ബാലസഭയുടെ നേതൃത്വത്തിൽ ഇതു സംബന്ധിച്ച് ആലോചനായോഗം നടന്നു. ബാലസഭാ ജില്ലാ കൺസൾട്ടന്റ് ജിജോ കുരുവിള, ചൈൽഡ് ലൈൻ സെന്റർ കോ-ഓർഡിനേറ്റർ ജോമോൻ എന്നിവർ പദ്ധതി വിശദീകരിച്ചു. പഞ്ചായത്ത് അസി.സെക്രട്ടറി ഷെരീഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ ജയലക്ഷ്മി, പത്മജ, റംല ഷെരീഫ്, ഷീല, പുഷ്പ എന്നിവർ സംസാരിച്ചു.

# ന്യൂട്രിമിക്സ് വാർഷികം ആഘോഷിച്ചു

പത്തനംതിട്ട ജില്ലയിലെ ന്യൂട്രിമിക്സ് കൺസോർഷ്യത്തിന്റെ ഒന്നാം വാർഷികാഘോഷവും ക്ഷേമപ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സജി ചാക്കോ നിർവഹിച്ചു.

ആറ് മാസം മുതൽ മൂന്ന് വയസ് വരെ പ്രായമായ കുട്ടികൾക്ക് മതിയായ പോഷകം ഉറപ്പുവരുത്തുന്ന അമൃതം പോഷക മിശ്രിതം തയ്യാറാക്കുന്ന ന്യൂട്രിമിക്സ് യൂണിറ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ് ജില്ലാതലത്തിൽ ന്യൂട്രിമിക്സ് കൺസോർഷ്യം രൂപീകരിച്ചത്.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്. സാബിർ ഹുസൈൻ മുഖ്യപ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ അഡ്വ.എൻ. രാജീവ് ഷേർലി ജോർജ്, തങ്കമണി നാണപ്പൻ, പി. പ്രസന്നകുമാരി, തങ്കച്ചൻ കാക്കനാട്, കൺസോർഷ്യം ജില്ലാ പ്രസിഡന്റ് എസ്. ശ്രീദേവി, വൈസ്പ്രസിഡന്റ് ശ്യാമള വിജയൻ, കുടുംബശ്രീ അസി. കോ-ഓർഡിനേറ്റർ എൽ. ഷീല, സി.ഡി.എസ് ചെയർപേഴ്സൺമാർ എന്നിവർ ആശംസാ പ്രസംഗം നടത്തി. ജില്ലയിലെ മികച്ച ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് പ്രോത്സാഹന സമ്മാനം നൽകി. കൺസോർഷ്യം സെക്രട്ടറി ബിന്ദു ജയൻ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

# പെയിൻ ആൻഡ് പാലിയേറ്റീവ് വൊളണ്ടിയർമാർക്ക് ഏകദിന പരിശീലനം

വയനാട് ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷനും പെയിൻ ആൻഡ് പാലിയേറ്റീവ് ജില്ലാ ഘടകവും സംയുക്തമായി കമ്മ്യൂണിറ്റി നഴ്സുമാർക്കും പെയിൻ ആൻഡ് പാലിയേറ്റീവ് വൊളണ്ടിയർമാർക്കും ഏകദിന പരിശീലനം നൽകി.

ആരോഗ്യവകുപ്പും ദേശീയ ഗ്രാമീണ ആരോഗ്യ മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി സാമൂഹ്യ-പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴിയും ജില്ലയിലെ പെയിൻ ആൻഡ് പാലിയേറ്റീവ് സന്നദ്ധ പ്രവർത്തകരിലൂടെ നടപ്പിലാക്കുന്ന സേവന പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കുടുംബശ്രീയുടെ അഗതി-ആശ്രയ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുകയാണ് പരിശീലനത്തിന്റെ ലക്ഷ്യം.

അഗതി-ആശ്രയ ഗുണഭോക്താക്കൾക്ക് മരുന്ന്, ചികിത്സ, ഹെൽത്ത് കാർഡ്, പരിചരണം, ആരോഗ്യ പരിചരണ സാമഗ്രികൾ തുടങ്ങിയവ വീടുകളിൽ ഉറപ്പുവരുത്തും. പഞ്ചായത്ത് തലത്തിൽ ആരോഗ്യപ്രവർത്തകരുടെ കൂട്ടായ്മ സംഘടിപ്പിക്കും.

പരിശീലനം ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് എ. ദേവകി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകൾ സ്വരൂപിച്ച ജീവകാരുണ്യ ഫണ്ട് ജില്ലാ പ്ലാനിംഗ് കമ്മിറ്റി സർക്കാർ പ്രതിനിധി കെ.കെ. അഹമ്മദ് ഹാജി വിതരണം ചെയ്തു. പെയിൻ ആൻഡ് പാലിയേറ്റീവ് ജില്ലാ കോ-ഓർഡിനേറ്റർ സ്മിത, വയനാട് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ ജില്ലാ ചെയർമാൻ ഗഫൂർ താനേരി എന്നിവർ സംസാരിച്ചു.

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി.പി. മുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു. വയനാട് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ ജില്ലാ കൺവീനർ സി.എച്ച് സുബൈർ സ്വാഗതവും കുടുംബശ്രീ കൺസൾട്ടന്റ് എൻ.പി. ഷിബു നന്ദിയും പറഞ്ഞു.

# സ്ത്രീശാക്തീകരണത്തിന്റെ വിജയകഥകൾ തേടി സിക്കിം ഗ്രാമവികസന മന്ത്രിയും സംഘാംഗങ്ങളും




*കുടുംബശ്രീ പ്രവർത്തനങ്ങൾ പഠിക്കാനെത്തിയ സിക്കിം ഗ്രാമവികസന മന്ത്രി സി.ബി.കാർക്കിക്കും സംഘാംഗങ്ങൾക്കും കുടുംബശ്രീ പ്രവർത്തനങ്ങളെക്കുറിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വത്സലകുമാരി വിശദീകരിക്കുന്നു*

സാമൂഹ്യ-സാമ്പത്തിക-സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിലൂടെ കേരളീയ വികസന ചരിത്രത്തിൽ പുതിയ അദ്ധ്യായങ്ങൾ എഴുതി ചേർത്ത കുടുംബശ്രീ സംഘടനാ സംവിധാനത്തെ അടുത്തറിയുന്നതിനായി സിക്കിം ഗ്രാമവികസന മന്ത്രി സി.ബി.കാർക്കിയും ഉന്നതതല ഉദ്യോഗസ്ഥരുമടങ്ങുന്ന ആറംഗ സംഘം കേരളം സന്ദർശിച്ചു.. സിക്കിം സംസ്ഥാനത്തെ ഗ്രാമീണ ജീവിത മേഖലയെ മെച്ചപ്പെടുത്തുന്നതിനായി കുടുംബശ്രീ മാതൃക പഠിക്കാനാണ് മന്ത്രിയും ഉദ്യോഗസ്ഥരും കേരളത്തിലെത്തിയത്.

കുടുംബശ്രീ സംസ്ഥാനമിഷൻ ഓഫീസിലെത്തിയ മന്ത്രിയും സംഘവും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വത്സലകുമാരി, പ്രോഗ്രാം ഓഫീസർമാർ എന്നിവരുമായി ചർച്ച നടത്തി. ദാരിദ്ര്യ നിർമാർജനത്തിനായി കുടുംബശ്രീ നടപ്പിലാക്കി വരുന്ന പദ്ധതികളും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും മികവുറ്റതാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

കുടുംബശ്രീ സാമൂഹ്യ സംഘടനാ സംവിധാനം, സംഘകൃഷി, വിവിധ സൂക്ഷ്മ സംരംഭങ്ങൾ എന്നിവയെ കുറിച്ചു പഠിക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിലെ വിവിധ അയൽക്കൂട്ടങ്ങൾ, ന്യൂട്രീമിക്സ് യൂണിറ്റുകൾ, സംഘകൃഷി ഗ്രൂപ്പുകൾ എന്നിവയും മന്ത്രിയും ഉന്നതതല ഉദ്യോഗസ്ഥരും സന്ദർശിച്ചു.

സിക്കിം സംസ്ഥാന ഗ്രാമീണ ഉപജീവന മിഷൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറും സ്പെഷൽ സെക്രട്ടറിയുമായ സി.ടി.വാങ്ങ്ടി, അഡീഷണൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സി.ഗ്യാംസ്റ്റോ, അഡീഷണൽ ഡിസ്ട്രിക്ട് കലക്ടർമാരായ റോഷിനി റായ്, ടെൻസിംഗ്.ടി.കാലിയോൺ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എൻ.ആർ.ഇ.എൽ.പി ദിനേശ്.ടി.ഭൂട്ടിയ, കുടുംബശ്രീ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (ലൈവ്ലിഹുഡ) എം.അഞ്ജന, പ്രോജക്ട് മാനേജർ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ ലിബി.ടി.ജോൺസൺ, യു.പി.എ പ്രോഗ്രാം ഓഫീസർ ജേക്കബ് ചാണ്ടി, പ്രോഗ്രാം ഓഫീസർ എ.ജയകുമാർ, സ്റ്റേറ്റ് ജെൻഡർ ടീം ലീഡർ സോയ തോമസ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ-കൺവർജൻസ് മനു ശങ്കർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ-മൈക്രോ എന്റർപ്രൈസ് പ്രശാന്ത് തുടങ്ങിയവർ പങ്കെടുത്തു.

# അവയവദാന സമ്മതപത്ര സമർപ്പണവുമായി ഭരണങ്ങാനം കുടുംബശ്രീ സി.ഡി.എസ്

അവയവദാന സമ്മതപത്ര സമർപ്പണവുമായി കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് മാതൃകയായി. ഇതുസംബന്ധിച്ച് പഞ്ചായത്ത് ഹാളിൽ നടന്ന സമ്മേളനം എം.ജി. സർവകലാശാല വൈസ് ചാൻസലർ ഡോ.എ.വി. ജോർജ് ഉദ്ഘാടനം ചെയ്തു. കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇൻഡ്യ ചെയർമാൻ



*അവയവദാന സമ്മതപത്ര സമർപ്പണം സംബന്ധിച്ച സമ്മേളനം എം.ജി. സർവകലാശാല വൈസ് ചാൻസലർ ഡോ.എ.വി. ജോർജ് ഉദ്ഘാടനം ചെയ്യുന്നു*

ഫാ.ഡേവിസ് ചിറമ്മൽ അവയവദാന സമ്മതപത്രം സ്വീകരിച്ചു.

എം.ജി സർവകലാശാലയിലെ മുഴുവൻ കോളേജുകളിലും സ്ഥാപനങ്ങളിലും അവയവദാന സന്ദേശം നൽകുമെന്നും വിദ്യാർത്ഥികളെയും ജീവനക്കാരെയും അവയവദാനത്തിനു പ്രോത്സാഹിപ്പിക്കുമെന്നും വൈസ് ചാൻസലർ ഡോ.എ.വി. ജോർജ് പറഞ്ഞു. ഒരു വ്യക്തിക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ ജീവകാരുണ്യ പ്രവർത്തനമാണ് അവയവദാനമെന്നു ഫാ.ഡേവിസ് ചിറമ്മൽ സന്ദേശത്തിൽ പറഞ്ഞു.

ഒരാളുടെ ജീവകാരുണ്യ പ്രവൃത്തികൊണ്ടു പല ജീവിതങ്ങളാണ് രക്ഷപെടുന്നതെന്നും അതുകൊണ്ട് അവയവദാനത്തിനു കൂടുതൽ പേർ മുമ്പോട്ടുവരണമെന്നും അദ്ദേഹം പറഞ്ഞു. ഭരണങ്ങാനം പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും അവയവദാന മാഹാത്മ്യം മനസിലാക്കി മുന്നോട്ടു കടന്നു വരണമെന്ന് അദ്ദേഹം പറഞ്ഞു. അതിനു മാതൃകയായ കുടുംബശ്രീ സി.ഡി.എസിനെ ഫാ.ഡേവിസ് ചിറമ്മൽ അഭിനന്ദനമറിയിക്കുകയും ചെയ്തു.

പഞ്ചായത്ത് പ്രസിഡന്റ് ലിസി മാമ്മൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സഹകരണബാങ്ക് പ്രസിഡന്റ് ഫിലിപ്പ് കുഴികുളം മുഖ്യപ്രഭാഷണം നടത്തി.

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ സി. ശോഭാലക്ഷ്മി. സജി മഞ്ഞക്കടമ്പിൽ, മൈക്കിൾ പുല്ലുമാക്കൽ, പി.കെ. മോഹനചന്ദ്രൻ, വിനോദ് ചെറിയാൻ വേരനാനി, ബീന ടോമി, എൽസമ്മ ജോർജുകുട്ടി, സുധാ ഷാജി, സി.ടി. ജോസഫ്, സുപ്രഭ ഉണ്ണിക്ക്യഷ്ണൻ, മോളി ബേബി, റോസിലി സിറിയക്, ട്രീസ സെബാസ്റ്റ്യൻ, റെജി മാത്യു, രാജേഷ് വാളിപ്ലാക്കൽ, സോണി മൈക്കിൾ, കെ.എൻ. ഗോപി, ജോഷി ജോസഫ്, വത്സല പ്രദീപ്, ടി.എം. സുഗതൻ എന്നിവർ പ്രസംഗിച്ചു.

# വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവരുടെ ആത്മനൊമ്പരവുമായി 'വെളിച്ചം'



*ശിൽപശാലയിൽ പങ്കെടുത്തതിന് ലഭിച്ച സർട്ടിഫിക്കറ്റുമായി ഹ്രസ്വചിത്രത്തിലെ അഭിനേതാക്കളായ കുട്ടികൾ*

കാടിന്റെ ഇരുണ്ട പച്ചപ്പിനുള്ളിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന ബാല്യങ്ങളുടെ ആത്മനൊമ്പരം പകർത്തിയ ഹ്രസ്വചിത്രം പൂർത്തിയായി. ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്തിലെ വെൺമണി-തെക്കൻതോണി പട്ടികവർഗ മേഖലയിലെ ബാലസഭാ കുട്ടികൾക്കായി ഇടുക്കി ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷൻ നിർമിക്കുന്ന 'വെളിച്ചം' എന്ന ഹ്രസ്വ ചിത്രത്തിന്റെ ചിത്രീകരണമാണ് പൂർത്തിയായത്.

സിനിമ എന്ന മാധ്യമം ആശയസംവേദനത്തിന് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതിനെക്കുറിച്ച് കുട്ടികൾക്ക് അറിവ് പകരുന്നതിനായി വെൺമണി-തെക്കൻതോണി പട്ടികവർഗ മേഖലയിൽ ശിൽപശാല സംഘടിപ്പിച്ചിരുന്നു. ഇതിലൂടെയാണ് പട്ടികവർഗ മേഖലയിലെ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന കുട്ടികളുടെ ആത്മനൊമ്പരം നിറഞ്ഞ ജീവിതം ക്യാമറയിൽ പകർത്തുന്നതിനുള്ള സന്ദർഭമൊരുങ്ങിയത്. ഇതേ തുടർന്ന് കുടുംബശ്രീ ജില്ലാമിഷൻ തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് ഈ മേഖലയിലെ കുട്ടികൾക്കായി ഹ്രസ്വചിത്രം പിറന്നത്.

പൂർണമായും കുട്ടികളുടെ മാത്രം പങ്കാളിത്തത്തിലായിരുന്നു ചിത്രീകരണം. ഏയ്ഞ്ചൽ, ദ്വാരക എന്നീ കുടുംബശ്രീ പട്ടികവർഗ ബാലസഭകളിലെ കുട്ടികളാണ് തങ്ങൾ അനുഭവിക്കുന്ന അവകാശ നിഷേധം പുറത്തറിയിക്കാനായി 'വെളിച്ച'മൊരുക്കിയത്. ഹ്രസ്വചിത്രത്തിനു വേണ്ടി ആശയം കണ്ടെത്തിയതും തിരക്കഥയും സംഭാഷണവുമൊരുക്കിയതുമെല്ലാം ബാലസഭയിലെ കുട്ടികൾ തന്നെയാണ്. ക്യാമറ കൈകര്യം ചെയ്തതും കുട്ടികൾ തന്നെയായിരുന്നു.

ചലച്ചിത്രരംഗത്ത് പ്രവർത്തിക്കുന്ന മിഥുൻ പി. ബോബന്റെ നേതൃത്വത്തിലായിരുന്നു ഹ്രസ്വ സിനിമയുടെ ചിത്രീകരണം. കഞ്ഞിക്കുഴി മേഖലയിലെ വിവിധ ബാലസഭകളിലുള്ള മുപ്പതോളം കുട്ടികൾ അഭിനയം, സംവിധാനം തുടങ്ങി ചലച്ചിത്രനിർമാണത്തിന്റെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചു.

കുടുംബശ്രീ ജില്ലമിഷൻ കോ-ഓർഡിനേറ്റർ സൂസൻ ബെഞ്ചമിൻ, അസി.കോ-ഓർഡിനേറ്റർ ഷൈൻ എം. സിറിയക്, കൺസൾട്ടന്റ് ബിജു ജോസഫ് എന്നിവർ കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൺസൾട്ടന്റുമാരായ രാഗേഷ്, രാംദാസ്, കെ.വി. ബിപിൻ എന്നിവർ ശിൽപശാലക്ക് നേതൃത്വം നൽകി.




*ഓണാഘോഷത്തോടനുബന്ധിച്ച് സംസ്ഥാനവ്യാപകമായി നടന്ന കുടുംബശ്രീ ഓണച്ചന്തകളുടെ സംസ്ഥാനതല സമാപന പരിപാടിയിൽ 'അജശ്രീ' ജൈവവളത്തിന്റെ ലോഗോ പ്രകാശനം കണ്ണൂരിൽ പഞ്ചായത്ത് -സാമൂഹ്യനീതിവകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ നിർവഹിക്കുന്നു*

# എച്ച്.ഐ.വി നിവാരണം: കുടുംബശ്രീ ജില്ലാതല പരിശീലനം



പാലക്കാട് ജില്ലയിൽ കുടുംബശ്രീ മിഷന്റെയും കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസാറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ എച്ച്.ഐ.വി നിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജില്ലാതല റിസോഴ്സ് പേഴ്സൺമാർക്കുള്ള ത്രിദിന പരിശീലന പരിപാടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. അസി.കോ-ഓർഡിനേറ്റർ കെ.വി. രാധാകൃഷ്ണൻ സ്വാഗതം പറഞ്ഞു. ഡോ. ദീപ, ഹൈമവതി, എന്നിവർ ക്ലാസുകൾ നയിച്ചു. കൺസൾട്ടന്റ്എയ്ഡ്സ് കൺട്രോൾ സൊസൈറ്റി കേരള, സുഹൈൽ ആശംസയും ബിനുമോൾ നന്ദിയും പറഞ്ഞു.

# മദ്യവിരുദ്ധ സന്ദേശവുമായി കുടുംബശ്രീ ഗ്രാമയാത്ര



മദ്യവിരുദ്ധ സന്ദേശവുമായി കുടുംബശ്രീ ഗ്രാമയാത്ര. ഗാന്ധിജയന്തി ദിനത്തിലാണ് സമൂഹത്തിനു മാതൃകയാകും വിധത്തിൽ മദ്യവിരുദ്ധ സന്ദേശവുമായി കുടുംബശ്രീ പ്രവർത്തകർ ഗ്രാമയാത്ര നടത്തിയത്. മദ്യപാനത്തിന്റെ വിപത്തുകളെ ക്കുറിച്ച് ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഗ്രാമയാത്ര. കാസർകോട് ജില്ലയിലെ പുല്ലൂർപെരിയ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിന്റെ ആഭിമുഖ്യത്തിലാണ് മദ്യത്തിനെതിരായ സന്ദേശം വിളംബരം ചെയ്തുകൊണ്ട് ഗ്രാമയാത്ര സംഘടിപ്പിച്ചത്.

പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ. അരവിന്ദാക്ഷന്റെ നേതൃത്വത്തിലായിരുന്നു മദ്യവിരുദ്ധ സന്ദേശവുമായി കുടുംബശ്രീ പ്രവർത്തകർ അണിനിരന്ന ഗ്രാമയാത്ര. ജില്ലയിലെ കല്ല്യോട്ട്, അമ്പലത്തറ, ഉദയനഗർ ജംഗ്ഷൻ എന്നിവിടങ്ങളിൽ ഗ്രാമയാത്ര പര്യടനം നടത്തി. പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി തിയറ്റിലെ അംഗങ്ങൾ 'പ്രതികരിക്കാൻ മറന്നുപോയവർ' എന്ന ലഹരിവിരുദ്ധ സന്ദേശനാടകം അവതരിപ്പിച്ചു.

സി.ഡി.എസ് ചെയർപേഴ്സൺ രാജേശ്വരി.പി, സി.ഡി.എസ് മെമ്പർമാരായ രാധിക. കെ, ലത കെ.പി, ഓമന.എം, ജയ. സി, രേഖ. എം, സരിജ ബാബു, ബഡ്സ് സ്കൂൾ അദ്ധ്യാപിക ദീപ പേരൂർ, ബാലസഭാഗം അഖില സുമേഷ് എന്നിവരാണ് നാടകത്തിൽ അഭിനയിച്ചത്.

ഗാന്ധിദർശൻ വേദി ചെയർമാൻ അഡ്വ. ടി.കെ. സുധാകരൻ ഗ്രാമയാത്രയുടെ ഫ്ളാഗ് ഓഫ് നിർവഹിച്ചു.ഗ്രാമയാത്രാ സമാപന പരിപാടിയുടെ ഉദ്ഘാടനം ഉദുമ നിയോജക മണ്ഡലം എം.എൽ.എ കെ. കുഞ്ഞിരാമൻ നിർവഹിച്ചു.

ജില്ലാ പോലീസ് മേധാവി തോംസൺ ജോസ് ഐ.പി.എസ് ഗാന്ധിദിന സന്ദേശം നൽകി. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അബ്ദുൽ മജീദ് സി.എ മുഖ്യ അതിഥിയായിരുന്നു. എക്സൈസ്, പോലീസ്, കുടുംബശ്രീ ജില്ലാമിഷൻ എന്നിവയുടെ സഹായത്തോടെ കുടുംബശ്രീ പ്രവർത്തകർ അവതരിപ്പിച്ച ലഹരിവിരുദ്ധ സന്ദേശ നാടകം ജില്ലയിൽ മറ്റു പഞ്ചായത്തുകളിലും നടത്താനുള്ള ഒരുക്കത്തിലാണ് പുല്ലൂർ പെരിയ കുടുംബശ്രീ ജെൻഡർ കമ്മ്യൂണിറ്റി തിയറ്റർ ടീം അംഗങ്ങൾ.

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kochi. Managing Editor: S Padmanabha Pillai. Editor: Sanjay Kumar. Editorial Assistant: Asha.S. Panicker. email: spempro2012@gmail.com

For private circulation